# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3239 24/02/2016-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികൾക്ക് ടോയ് ലെറ്റുകൾ നിർമ്മിച്ച് നൽകൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലറ്റുകൾ നിർമ്മിച്ചു നൽകാൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാ ക്കാമോ; | എ) മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേനയും തീരദേശ വികസന കോർപ്പറേഷൻ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട് കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ മേഖലയിൽ പബ്ലിക് ടോയ്‌ലറ്റുകളും നിർമ്മിച്ചു നൽകുന്നുണ്ട് |

**1. വ്യക്തിഗത ടോയിലറ്റ് നിർമ്മാണ ധന സഹായ പദ്ധതി**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാതൃകാ മത്സ്യ ഗ്രാമം യൂണിറ്റ് കോസ്റ്റ് 20,000/- രൂപ | 5450 |
| 2 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് യൂണിറ്റ് കോസ്റ്റ് 17,500/- രൂപ | 2762 |
| 3 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി യൂണിറ്റ് കോസ്റ്റ് 17,500/- രൂപ | 3013 |
| 4 | മത്സ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും യൂണിറ്റ് കോസ്റ്റ് 17,500/- രൂപ | 3600 |
| | ആകെ | 14,825 |

മേൽ പറഞ്ഞത് കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമ

വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ 3525 എണ്ണം വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

**2) <u>പബ്ലിക് ടോയ്‌ലറ്റുകൾ</u>**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2012-13) ,(2013-14), (2014-15) | 34 |
| 4 | മത്സ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) | 1 |
| | ആകെ | 35 |

ബി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടു ണ്ട് എന്ന് വിശദമാക്കാമോ?

ബി) തീരദേശ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായ ശുചിത്വം ഉറപ്പു വരുത്തുന്നതിനായി വ്യക്തിഗത ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായവും പബ്ലിക് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഇതിനാവശ്യമായ തുക ബന്ധപ്പെട്ട ഓഫീസർമാർക്കും തീരദേശ വികസന കോർപ്പറേഷനും സമയബന്ധിതമായി അനുവദിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഫിഷറീസ് വകുപ്പ് തലത്തിലും സർക്കാർ തലത്തിലും വിലയിരുത്തുകയും ചെയ്യുന്നു.

**സെക്ഷൻ ആഫീസർ**